THE VILLAGE INTERNATIONAL SCHOOL
"We Nurture Dreams"

**THE VILLAGE INTERNATIONAL SCHOOL,THODUPUZHA**
**TERM 1 EXAMINATION 2024-2025**
**GRADE-X**
**MALAYALAM(CODE -012)**

**Max.Marks:80**
**Time:3Hr**

**General Instructions:**

***The question paper divided into two sections:***
***Section A:Reading Comprehension(V.S.A.Q)***
***Vocabulary Building&prose&Poetry(M.C.Q) :40 marks***
***Section B:Grammar,Composition***
***Literature( Prose,Poetry&Supplementary) :40 marks***

## എ വിഭാഗം/**SECTION A**

**1.**തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള **8** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**[8x1=8]**

1856 ആഗസ്റ്റ് 20ന് തിരുവനന്തപുരം ജി ല്ലയിലെ ചെമ്പഴന്തിയിലെ കൊച്ചുവിളയിൽ മാടനാശാന്റെയും വയൽവാരത്ത് കുട്ടിയുടെയും മകനായി ശ്രീനാരായണഗുരു ജനിച്ചു. നാരായണൻ എന്നായിരുന്നു അച്ഛനമ്മമാരിട്ട പേര്. നാണു എന്നൊരു ഓമന പേരും ഉണ്ടായിരുന്നു. 1877ൽ ഇരുപത്തിയൊന്നാം വയസ്സിൽ ഗുരുകുലം സമ്പ്രദായത്തിൽ ഉപരിപഠനം പൂർത്തിയാക്കി. 1882ൽ അച്ഛന്റെ സഹോദരി പുത്രിയായ കാളിയെ വിവാഹം കഴിച്ചു. ചട്ടമ്പിസ്വാമികൾ ശ്രീനാരായണഗുരുവിന് ബാലസുബ്രഹ്മണ്യമന്ത്രം ഉപദേശിച്ചു കൊടുത്തു. 1888 ചരിത്രപ്രസിദ്ധമായ അരുവിപ്പുറം ശിവപ്രതിഷ്ഠ നടത്തി. സ്വസമുദായ ത്തിലെ ദേവാരാധന സമ്പ്രദായങ്ങളിൽ നിലനിന്നിരുന്ന ആടുബലി, കോഴിബലി മുതലായവ യ്ക്കെതിരെ അദ്ദേഹം ബോധവൽക്കരണം നടത്തി. 1894 അരുവിപ്പുറം ഒരു സന്യാസി മഠത്തിന്റെ പരിവേഷം ആർജ്ജിച്ചു. ഇതിനിടെ ശ്രീനാരായണഗുരു ഡോക്ടർ പൽപ്പുവിനെ കണ്ടുമുട്ടുകയും ചില സംഘടിത ശ്രമങ്ങളെ കുറിച്ച് ചിന്തിച്ചു തുടങ്ങുകയും ചെയ്തു. അങ്ങനെയാണ് 1898ൽ അരുവിപ്പുറം ക്ഷേത്ര യോഗം പിറന്നത്. അതിൽ പ്രചോദനം ഉൾക്കൊണ്ടാണ് 1903 മെയ് 15ന് ശ്രീനാരായണ ധർമ്മപരിപാലന യോഗം സ്ഥാപിച്ചത്. അനുകമ്പാദശകം അദ്ദേഹത്തിന്റെ പ്രശസ്തമായ രചനയാണ്. 1891ൽ തന്നെ ശ്രീനാരായണ ഗുരു കുമാരനാശാനുമായി സൗഹൃദത്തിലായി. ആശാനായിരുന്നു എസ്. എൻ. ഡി. പി യോഗത്തിന്റെ പ്രഥമ സെക്രട്ടറി. യോഗത്തിന്റെ മുഖപത്രമായ വിവേകോദയം 1904 ൽ ആശാന്റെ പത്രാധിപത്യത്തിൽ പുറത്തിറങ്ങി.

ചോദ്യങ്ങൾ :

1(a).ശ്രീനാരായണ ഗുരുവിന്റെ ഓമനപ്പേര് എന്തായിരുന്നു ?

1(b).ശ്രീനാരായണ ഗുരുവിന് ബാലസുബ്രഹ്മണ്യ മന്ത്രം ഉപദേശിച്ചു കൊടുത്തത് ആര് ?

1(c).ശ്രീനാരായണ ഗുരുവിന്റെ പ്രശസ്തമായ ഒരു രചന ഏത് ?

1(d).വിവേകോദയം മാസികയുടെ പത്രാധിപർ ആര് ?

1(e). ശ്രീനാരായണഗുരു വിവാഹിതനായ വർഷം ?

1(f).ഗുരു ഗുരുകുല വിദ്യാഭ്യാസം പൂർത്തിയാക്കിയത് എപ്പോൾ?

1(g).എസ്. എൻ. ഡി. പി യുടെ പ്രഥമ സെക്രട്ടറി ആര്

1(h).ധർമ്മപരിപാലനയോഗം സ്ഥാപിച്ചത് എന്ന്?

**2.** തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് **7** ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക **[7x1=7]**

ഇന്ത്യയിലെ ഏറ്റവും വിശിഷ്ടമായ സാഹിത്യ പുരസ്കാരമാണ് ജ്ഞാനപീഠം.വാഗ്ദേവി ശിൽപം,പ്രശസ്തിപത്രം,5 ലക്ഷം രൂപ എന്നിവ അടങ്ങുന്നതാണ് ഈ സാഹിത്യ അവാർഡ്. ഇന്ത്യയിലെ ഈ പരമോന്നത സാഹിത്യ അവാർഡ് ആദ്യം ലഭിച്ചത് മലയാളത്തിലാണ് എന്നത് നമ്മുടെ ഭാഷയ്ക്കും സാഹിത്യത്തിനും അഭിമാനിക്കാവുന്ന കാര്യമാണ്.1965 പ്രഥമ പുരസ്കാരം ജി. ശങ്കരക്കുറുപ്പ് നേടി.തുടർന്ന് 34 പേർ ഇതുവരെ ഈ പുരസ്കാരം നേടുകയുണ്ടായി.ഓടക്കുഴൽ എന്ന ഗ്രന്ഥമാണ് ജി ശങ്കരക്കുറുപ്പിന് ജ്ഞാനപീഠ പുരസ്കാരം നേടി കൊടുത്തത്.മലയാള സാഹിത്യത്തിലെ നിത്യ സഞ്ചാരിയായ എസ് കെ പൊറ്റക്കാടിന് ഒരു ദേശത്തിന്റെ കഥയ്ക്ക് 1980ൽ ജ്ഞാനപീഠ പുരസ്കാരം ലഭിച്ചു.രണ്ടു നൂറ്റാണ്ടിലെ കുട്ടനാടിന്റെ കഥ പറയുന്ന കൃതിയാണ് തകഴിയുടെ കയർ.തകഴിയുടെ സമഗ്ര സംഭാവനയെ മാനിച്ചാണ് അദ്ദേഹത്തിന് 1984 ൽ ജ്ഞാനപീഠ പുരസ്കാരം ലഭിച്ചത്.നാലുകെട്ട്, മഞ്ഞ്,അസുരവിത്ത്,രണ്ടാമൂഴം തുടങ്ങിയവ എം ടി വാസുദേവൻ നായരുടെ പ്രധാന നോവലുകൾ ആണ്.എം ടി യുടെ മുഴുവൻ സംഭാവനകളെയും ആദരിച്ചു കൊണ്ടാണ് അദ്ദേഹത്തിന് ജ്ഞാനപീഠം സമ്മാനിച്ചത്. ജ്ഞാനപീഠ പുരസ്കൃതരായ മലയാളികൾ മലയാളസാഹിത്യത്തിൽ അനശ്വര സംഭാവനകൾ നൽകിയവരാണ് അവർ ഇതര ഭാഷാ സാഹിത്യങ്ങൾക്ക് മുന്നിൽ കൊച്ചു കേരളത്തിന്റെ സാഹിത്യ മൂല്യം അങ്ങേയറ്റം ഉയർത്തിപ്പിടിച്ചു.

ചോദ്യങ്ങൾ :

2(a) ഇന്ത്യയിലെ ഏറ്റവും വിശിഷ്ടമായ സാഹിത്യ പുരസ്കാരം ഏത് ?

2(b). ഓടക്കുഴൽ എന്ന കൃതിയുടെ രചയിതാവ് ആര്?

2(c). ജി ശങ്കരക്കുറുപ്പിന് ജ്ഞാനപീഠ പുരസ്കാരം ലഭിച്ച വർഷം ഏത് ?

2(d). അസുരവിത്ത് എന്ന കൃതിയുടെ രചയിതാവ് ആര്?

2(e). രണ്ടു നൂറ്റാണ്ടിന്റെ കഥ പറയുന്ന കൃതി ഏത് ?

2(f) ഇന്ത്യയിലെ പ്രഥമ ജ്ഞാനപീഠ പുരസ്കാര ജേതാവ് ആര്?

2(g) ജി ശങ്കരക്കുറുപ്പിന് ജ്ഞാനപീഠം ലഭിച്ച കൃതി ഏത്?

**3.**തന്നിരിക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക **(7x1=7)**

3(a).കളത്രം എന്ന വാക്കിൻറെ പര്യായപദം താഴെ തന്നിരിക്കുന്നവയിൽ ഏതാണ്?

(a) ഭഗിനി (b) അമ്മ

(c) ഭാര്യ (d) നാരി

3(b)നിവൃത്തി-പ്രവൃത്തി എന്നീ പദങ്ങളുടെ ശരിയായ അർത്ഥ വ്യത്യാസം എന്ത്?

(a) വസ്തു-ജോലി (b) തീർച്ച -ജോലി

(c) ജോലി- എഴുത്ത് (d)തീർച്ച - രോഗം

3(c)ഏക്കാലവും ജീവിച്ചിരിക്കുന്നവൻ എന്നതിന്റെ ശരിയായ ഒറ്റപ്പദം ഏത്?

(a) സർവ്വവ്യാപി (b)സർവ്വജീവി

(c)സ്ഥിരസത്വൻ (d) ചിരഞ്ജീവി

3(d)അശ്വം എന്ന പദത്തിന്റെ പര്യായപദമല്ലാത്തത് ഇവയിൽ ഏതാണ് ?

(a)കുതിര (b)വാജി

(c) ഹയം (d)ഹസ്തി

3(e)പൗരൻ എന്ന പദത്തിന്റെ എതിർലിംഗം ഏതാണ്?

(a) പൗരി (b) പൗരർ

(c)പൗര (d) പൗരന്മാർ

3 (f) രാജാവ് എന്ന പദത്തിന്റെ പര്യായപദം തന്നിരിക്കുന്നവയിൽ ഏതാണ്?

(a) കാന്തൻ (b)ജനകൻ

(c) തനയൻ (d) മന്നൻ

3(g) പൂരിതാഭ എന്ന പദത്തിന്റെ വിഗ്രഹാർത്ഥമേത്

(a)പൂരിതമികുന്ന ആഭ (b) പൂരിതത്തിന്റെ ആഭ

(c) പൂരിതമായ ആഭ (d) പൂരിതമെന്ന ആഭ

3(h) ബാല ജീവിതത്തെ ഹനിച്ചവൻ എന്ന അർത്ഥത്തിൽ പ്രയോഗിക്കുന്ന ഒറ്റവാക്ക് ഏതാണ് ?

(a) ബാലജീവിതഹനൻ (b) ബാലജീവിത വിരുദ്ധൻ

(c)ബാലജീവിതഹാതി (d) ബാലജീവിതഘാതി

3(i) തന്നിരിക്കുന്നവയിൽ ശരിയായ പദം ഏത്

(a) പരിസമാപ്ദി (b) പരിസമാപ്തി

(c) പരിസമപ്ദി (d) പരിസാമപ്തി

3.(j)ദ്രോണരുടെ പുത്രൻ എന്നതിൻറെ ശരിയായ ഒറ്റപ്പദം ഏത്?

(a)ദ്രോണി (b)ദ്രോണപുത്രൻ

(c)ദ്രൗണി (d)അശ്വത്ഥാമാവ്

**4.**തന്നിരിക്കുന്ന ചോദ്യങ്ങളിൽഒമ്പതെണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുക്കുക. **[9x2=18]**

4(a)i)ഇന്ന് മംഗളത്തിനു വേണ്ടി നാം പാളയത്തിൽ നിന്ന് പുറത്തു പാർക്കണം എങ്ങനെ ആരാണ് പറഞ്ഞത്?

(a)യുധിഷ്ഠിരൻ (b)സാതൃകി

(c)കൃഷ്ണൻ (d)സഞ്ജയൻ

(ii)എവിടെയാണ് അവർ പാർത്തത്?

(a)ശിബിരദ്വാരത്തിൽ (b)സമന്തപഞ്ചകത്തിൽ

c)പടപ്പാളയത്തിൽ (d) ഓഘവതീ നദീതീരത്ത്

4(b)'അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമല്ലേ വിവേകികൾ'

(i)ആരാണ് ഇപ്രകാരം പറയുന്നത് ?

(a) നളിനി (b)ശ്രീരാമൻ

(c)ദിവാകരൻ (d) ലക്ഷ്മണൻ

(ii)മഹാകാവ്യം രചിക്കാതെ മഹാകവി എന്ന സ്ഥാനത്തിന് അർഹനായ കവി ആര് ?

(a)ഉള്ളൂർ എസ് പരമേശ്വരയ്യർ (b)വൈലോപ്പിള്ളി

(c)വള്ളത്തോൾ (d)കുമാരനാശാൻ

4(c)ഏതു കഥയിലെ കഥാപാത്രമാണ് വെള്ളായിയപ്പൻ?

(a)വെള്ളപ്പൊക്കത്തിൽ (b)പണയം

c)കടൽത്തീരത്ത് (d)അമ്മത്തൊട്ടിൽ

(ii)താഴെ കൊടുത്തിരിക്കുന്നവയിൽ തകഴിയുടേതല്ലാത്ത കൃതി ഏത്?

(a)വെള്ളപ്പൊക്കത്തിൽ (b)കയർ

(c) കടൽത്തീരത്ത് (d)കാക്കരദേശത്തെ ഉറുമ്പുകൾ

4(d)”എന്നിൽ നിന്നണുവുമേൽക്കിലപ്രിയം

നിന്നു കേഴമയി! കണ്ടുടുന്നിതേ''

(i)ദിവാകരൻ അന്നുമിന്നുമൊരുപോലെ കണ്ടതെന്ത്?

(a)ബാല്യകാലം (b)സന്യാസജീവിതം

(c)പ്രണയചാപല്യം (c)നളിനിയെ

(ii). നളിനി എന്ന കൃതിയുടെ മറ്റൊരു പേര് എന്ത്?

(a)സ്നേഹം (b ഒരു സ്നേഹം

(c)ദിവാകരദർശനം (d) പ്രിയദർശനം

4(e)”ശപിക്കപ്പെട്ടവൻ എന്ന വാക്ക് മുഴുവൻ അർത്ഥത്തിൽ വല്ലവരെപ്പറ്റിയും പറയാമെങ്കിൽ.........”

(i)ആരെപ്പറ്റിയാണ് പറയാൻ കഴിയുക?

(a)ദുര്യോധനനെപ്പറ്റി (b)ഭീമനെപ്പറ്റി

(c)ദ്രൗണിയെപ്പറ്റി (d)ശകുനിയെപ്പറ്റി

(ii)കുട്ടികൃഷ്ണമാരാര് ഏത് സാഹിത്യ ശാഖയുമായി ബന്ധപ്പെട്ടിരിക്കുന്നു?

(a)നോവൽ (b)ചെറുകഥ

(c)നിരൂപണം (d)നാടകം

4(f)ആചാര്യ വേഗത്തിൽ നിറകുടം കൊണ്ടുവരു'

(i)ആരുടെ വാക്കുകൾ?

(a)ദുര്യോധനൻ (b)ദ്രൗണി

(c)യുധിഷ്ഠിരൻ (d)ശ്രീകൃഷ്ണൻ

(ii)എവിടെ നിന്നുകൊണ്ടാണ് ഇത് പറയുന്നത്?

(a)ദ്വാരദേശത്ത് (b)ഓഘവതീ നദീതീരത്ത്

(c)ഭാഗീരഥീകച്ഛത്തിൽ (d)സമന്തപഞ്ചകത്തിൽ

4(g)"വീട്ടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകൾ ആണ്"

(i) ആര് ആരോട് പറഞ്ഞ വാക്കുകളാണിത്?

(a) കുട്ട്യസ്സൻമാപ്പിള വെള്ളായിയപ്പനോട് (b)വെള്ളായിയപ്പൻ കോടച്ചിയോട്
(c)കോടച്ചി നീലി മണ്ണാത്തിയോട് (d)കണ്ടുണ്ണി വെള്ളായിയപ്പനോട്

(ii)എപ്പോഴാണ് ഇങ്ങനെ പറഞ്ഞത്?

(a)കണ്ടുണ്ണിയെ തൂക്കിക്കൊന്നു എന്നറിഞ്ഞപ്പോൾ (b)15 ഉറുപ്പികയും നാലണയും വെള്ളായിയപ്പൻ കുട്ട്യസ്സന് നൽകാൻ ഉണ്ട് എന്ന് പറഞ്ഞപ്പോൾ
(c)തീവണ്ടി ആപ്പീസിൽ നിന്ന് ട്രെയിൻ പോയി എന്ന് പറഞ്ഞപ്പോൾ
(d)കോടച്ചി ചോറ് പൊതി കെട്ടി കൊടുത്തപ്പോൾ

4(h) ആചാര്യപുത്രാ എന്നെ ശസ്ത്രം കൊണ്ടു കൊന്നേക്കു താമസിക്കേണ്ടാ,മനുഷ്യശ്രേഷ്ഠാ'

(i)ഇങ്ങനെ പറഞ്ഞതാര്?

(a) ദ്രോണർ (b)അശ്വത്ഥാമാവ്

(c)ധൃഷ്ടദ്യുമ്നൻ (d)കൃപർ

(ii)ഇവിടെ ആചാര്യപുത്രൻ എന്ന വിശേഷിപ്പിക്കുന്നത് ആരെ?

(a)അർജുനനെ (b) കൃപചാര്യരെ

(c)അശ്വാത്ഥാമാവിനെ (d)വ്യാസനെ

4(i)ഇന്നും പഴി പറഞ്ഞേക്കാം മുടങ്ങാതെ വയ്യു തലക്കകത്തെന്തോ പെരുക്കുന്നു

(i)ആര് ആരെയാണ് പഴി പറയുന്നത്?

(a)അമ്മ മകനെ (b)മകൻ അമ്മയെ

(c)ഭാര്യ ഭർത്താവിനെ (d) നാട്ടുകാർ മകനെ

(ii)എന്തിനാണ് പഴി പറയുന്നത്?

(a)അമ്മയെ ചികിത്സിക്കാത്തതിന്

(b)അമ്മയെ സ്നേഹിക്കാത്തതിന്

(c) അമ്മയെ ഉപേക്ഷിക്കാത്തതിന്

(d)അമ്മയെ തിരികെ കൊണ്ടുപോകാത്തതിന്

4(j) 'എന്റെ തപസ്സിന്റെയും സത്യത്തിന്റെയും വീര്യം,നരാധമാ നീകണ്ടു കൊൾക'

(i) ആരാണ് ഇപ്രകാരം പറഞ്ഞത്?

(a) അർജുനൻ (b)ദ്രൗപതി

(c)ഹൃഷികേശൻ (d)കൃഷ്ണദ്വൈപായനൻ

(ii)ആരാണ് ഇതിൽ പരാമർശിക്കുന്ന നരാധമൻ ?

(a) ദുര്യോധനൻ (b)ദ്രൗണി

(c)കൃപർ കൃതവർമ്മാവ്

ബി വിഭാഗം / **SECTION B**

**5.(a)** അംഗവാക്യം അംഗവാക്യം എന്നിവ വേർതിരിച്ചെഴുതുക**(2×1=2)**

(i)ദ്രൗണി പുറത്തുകടന്ന് മറ്റ് ശിബിരങ്ങളിലേക്ക് പുറപ്പെട്ടപ്പോൾ സ്ത്രീകളും കാവൽക്കാരും നിലവിളിക്കൂട്ടി. (ii)ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പ്രയാസപ്പെടുന്ന ദരിദ്രനായ തയ്യൽക്കാരാനാണ് ചാക്കുണ്ണി

**5.(b)**വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക
**(2×1=2)**

(i) യുദ്ധമില്ലാത്ത സമയങ്ങളിൽ കൗരവരും പാണ്ഡവരും പരസ്പരം ഒരുമിച്ച് പ്രീതിയോടെ വർത്തിക്കണം.

(ii)ആറാട്ടുകുന്നിൽ റേഡിയോ വാങ്ങിച്ച ആദ്യത്തെ പ്രഥമ പൗരൻ ചാക്കുണ്ണിയായിരുന്നു.

**5.(c)**പ്രയോഗം മാറ്റുക **(2×1=2)** (i) പല കടുംകൈകളും പാണ്ഡവർ ചെയ്തിട്ടുണ്ട്.(ii) ചുറ്റുപാടുമുള്ള യാത്രക്കാർ അപ്പോൾ അയാളെ ആദരവോടെ നോക്കി.

**5.(d)** ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകും വിധം സ്വന്തംവാക്യത്തിൽ പ്രയോഗിക്കുക.**(2×1=2)**

(i)ലംഘിക്കുക (ii) അഭിമുഖമായി (iii)അടക്കിവാഴുക

**6.(a)** താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക **(5*1=5)**

വിദ്യാഭ്യാസത്തിൽ ദൃശ്യമാധ്യമങ്ങൾക്കുള്ള സ്വാധീനം

OR

വാഹനങ്ങളുടെ മത്സരയോട്ടവും റോഡ് അപകടങ്ങളും.

6.(b)നിങ്ങളുടെ സ്കൂൾ പരിസരത്ത് ലഹരിപദാർത്ഥങ്ങൾ വില്പന നടത്തുന്നത് തടയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബന്ധപ്പെട്ട അധികൃതർക്ക് ഒരു കത്ത് തയ്യാറാക്കുക.

**(5*1=5)**

6.**(c)** പത്രവാർത്ത തയ്യാറാക്കുക **( 4*1=4)**

നിങ്ങളുടെ നഗരത്തിൽ വർദ്ധിച്ചുവരുന്ന ഗതാഗതക്കുരുക്കിനെതിരെ ഒരു പത്രവാർത്ത തയ്യാറാക്കുക

**7.** തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**(2×3=6)**

7.(a)ധർമ്മയുദ്ധത്തിന്റെ നിയമങ്ങൾ എന്തെല്ലാമായിരുന്നു?

7.(b')വെള്ളായിയപ്പൻറെ ദുഃഖം ഗ്രാമത്തിന്റെ ദുഃഖമായി കഥാകൃത്ത് അവതരിപ്പിച്ചത് എങ്ങനെ?

7.(c)"ചക്ഷുശ്രവണഗളസ്ഥമാം ദർദുരം

ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ

കാലാഹിനാ പരിഗ്രസ്തമാം ലോകവു-

മാലോലചേതസാ ഭോഗങ്ങൾ തേടുന്നു."

- 'കാലാഹി' എന്ന പ്രയോഗത്തിന്റെ ഔചിത്യമെന്ത്? വരികൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക?

**8.** തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക.**(2×1=2)**

8.(a) അതിനെ അവനെ എപ്പോഴും എവിടെയും കരുതിയിരുന്ന കൊള്ളക ആരാണ് കരുതിയിരിക്കേണ്ടത്?എന്തുകൊണ്ടാണ് ഇങ്ങനെ ഒരു താക്കീത് ലേഖകൻ നൽകുന്നത്?

8 (b)സ്വയം പരിചയപ്പെടുത്തികൊണ്ട് നളിനി ദിവാകരനോട് പറയുന്ന കാര്യങ്ങൾ എന്തെല്ലാം?

8 (c)"അപരിചിതന്റെ സംഭാഷണം കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റുമുറുകി."

"രണ്ടുവാക്കുകൾ മാത്രം. രണ്ടു വാക്കു കൾക്കിടയ്ക്ക് സാന്ത്വനത്തിന്റെ നിറവ്." -

ഇത്തരത്തിൽ അർത്ഥപൂർണങ്ങളായ മൗനങ്ങളാണ് കഥയെ പൂരിപ്പിക്കുന്നത്. ചർച്ചചെയ്യുക.

**9.** ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക**(2×3=6)**

9.(a)എറിഞ്ഞു കളയൽ സംസ്കാരത്തിൻറെ ഉത്തമോദാഹരണമാണ് അമ്മത്തൊട്ടിൽ എന്ന കവിത വിശദീകരിക്കുക?

9.(b).തനിക്ക് സ്വർഗ്ഗ പ്രാപ്തി ലഭിക്കുമെന്ന് ദുര്യോധനൻ ബലമായി വിശ്വസിച്ചതിന്റെ അടിസ്ഥാനം എന്ത്?പാഠഭാഗം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക?

9.(c)."അന്നത്തെ സൂചി പ്രയോഗത്തിൽ നീറ്റൽ പോലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയ്"-ഇത് എൻറെ ഓർമ്മയാണ് ഇത്തരത്തിലുള്ള ഓർമ്മകൾക്ക് ഈ കവിതയിൽ സവിശേഷമായ പ്രാധാന്യമുണ്ട് സമർത്ഥിക്കുക?